(ബി) ഫീസ് ഘടന സംബന്ധിച്ച കേസ് സുപ്രീം കോടതിയുടെ പരിഗണനയിൽ ഇരിക്കുന്നതിനാൽ ആ കേസ് തീർപ്പാക്കുന്നതുവരെ മെരിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ സർക്കാർ ഫീസ് നൽകി പഠനം തുടരുന്നതിന് സഹായിക്കുന്ന നടപടി സ്വീകരിക്കുമോ;

(സി) സുപ്രീം കോടതി മുൻപാകെയുള്ള കേസിന്റെ തീരുമാനം വേഗത്തിലാക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) ജസ്റ്റീസ് കെ. ടി. തോമസ് കമ്മിറ്റി നിശ്ചയിച്ച ഫീസ് നൽകാൻ തയ്യാറാകാത്ത വിദ്യാർത്ഥികളെ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽനിന്ന് പുറത്താക്കുന്നതായി ചില പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ അന്തിമവിധിക്ക് വിധേയമായി മാത്രമേ സർക്കാരിന് തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

(ബി) സർക്കാരിന്റെ സാമ്പത്തിക പരിമിതി കാരണം ഇക്കാര്യം തൽക്കാലം പരിഗണിക്കാൻ നിർവ്വാഹമില്ല.

(സി) ഇക്കാര്യത്തിൽ ആവശ്യമായ നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

അനന്തമൂർത്തി കമ്മീഷൻ റിപ്പോർട്ടും അനന്തര നടപടികളും

5 [*254] ശ്രീ. എൻ. രാജൻ:

,, ബിനോയ് വിശ്വം:

,, മാങ്കോട് രാധാകൃഷ്ണൻ:

,, എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ നവീകരണത്തിനായി ആവശ്യമായ നിർദ്ദേശങ്ങളടങ്ങിയ റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിച്ചിരുന്ന യു. ആർ. അനന്തമൂർത്തി കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്മീഷനിലെ അംഗങ്ങൾ ആരെല്ലാമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ; കമ്മീഷനംഗങ്ങൾ വ്യത്യസ്ത റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ നിജസ്ഥിതി വെളിപ്പെടുത്തുമോ;

(സി) ഈ കമ്മീഷൻ റിപ്പോർട്ട് ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രധാന ശുപാർശകൾ എന്തെല്ലാം; ഈ റിപ്പോർട്ടിന്മേൽ സ്വീകരിച്ച അനന്തര നടപടികൾ വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) ഉണ്ട്.

(ബി) ഡോ. യു. ആർ. അനന്തമൂർത്തി ചെയർമാൻ, ഡോ. എ. സുകുമാരൻ നായർ (മെമ്പർ), ഡോ. ഡി. ബാബുപോൾ (മെമ്പർ), പ്രൊ. എൻ. പുരുഷോത്തമൻ (മെമ്പർ), പ്രൊ. കെ. എം. ബഹാവുദീൻ (മെമ്പർ). കമ്മീഷൻ ചെയർമാനും ചില അംഗങ്ങളും തമ്മിൽ അഭിപ്രായ വ്യത്യാസം ഉണ്ടായതിനാൽ കമ്മീഷൻ രണ്ട് റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. രണ്ട് റിപ്പോർട്ടുകളും വിശദമായ പരിശോധനയിലാണ്.

(സി) വ്യത്യസ്തങ്ങളായ രണ്ട് റിപ്പോർട്ടുകൾ വന്ന സാഹചര്യത്തിൽ വിശദമായ പഠനത്തിനും ചർച്ചയ്ക്കും വിധേയമാക്കിയതിനുശേഷം മാത്രമേ റിപ്പോർട്ടുകൾ അംഗീകരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുകയുള്ളൂ.

റവന്യൂ രേഖകളുടെ കമ്പ്യൂട്ടർവൽക്കരണം

6 [*255] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:

ശ്രീ. വി. കെ. സി. മമ്മത്കോയ:

ശ്രീമതി ഗിരിജാ സുരേന്ദ്രൻ:

ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ രേഖകളുടെ കമ്പ്യൂട്ടർവൽക്കരണ പരിപാടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഇതിന്റെ ഇപ്പോഴത്തെ പുരോഗതിയും വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്ത് എത്ര വില്ലേജുകളിൽ ഈ പരിപാടി നടപ്പിൽ വരുത്താൻ കഴിഞ്ഞിട്ടുണ്ട്;

(സി) റവന്യൂ രേഖകളുടെ എത്ര ശതമാനം കമ്പ്യൂട്ടർവൽക്കരണ പരിപാടിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്;

(ഡി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഈ പ്രവർത്തനങ്ങൾക്കായി നാളിതുവരെ എന്ത് തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly